DON BOSCO ARTS AND SCIENCE COLLEGE
LIBRARY
ANGADIKADAVU

M 3746

Reg. No.: ..............................

Name : ..................................

**II Semester B.A./B.Sc./B.Com./B.B.A./B.B.A.T.T.M./B.B.M./B.C.A./B.S.W. Degree (CCSS – Reg./Supple./Improv.) Examination, May 2013**
**COMMON COURSE IN MALAYALAM**
**(For B.Com./B.B.A./B.B.A.T.T.M./B.B.M.)**
**2 A 08 1 MAL : ഭാഷയും ആശയവിനിമയവും**
**(2011 & Earlier Admn.)**

Time : 3 Hours Max. Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം (വെയിറ്റേജ് – **1**).

1) a) 'നീ കൃഷ്ണശിലതൻ താളം' – ആരെക്കുറിച്ചാണിങ്ങനെ പറയുന്നത് ?

b) 'നഗരത്തിൽ ഒരു യക്ഷൻ' എന്ന കവിത എഴുതിയതാര് ?

c) 'മേഘരൂപൻ' എന്ന കവിതയിൽ ആർഷമായ ഒരു പശ്ചാത്തലമൊരുക്കുന്ന പദങ്ങൾ ഏതെല്ലാം ?

d) 'സഹ്യനേക്കാൾ തലപ്പൊക്കം
നിളയേക്കാളുമാർദ്രത'
– ഏത് കൃതിയിലെ വരികളാണിത് ?

2) a) സ്റ്റേറ്റ് എക്സ്പ്രസ്സ് സിഗരറ്റിന് (555) മലായിക്കാർ പറയുന്ന പേരെന്ത് ?

b) 'പരദേശി' എന്ന ചിത്രത്തിൽ മാധ്യമ പ്രവർത്തകയായി അഭിനയിക്കുന്ന നടി ആര് ?

c) ഇന്ത്യാ വിഭജനത്തിന് ശേഷമുള്ള സംഭവങ്ങൾ കോർത്തിണക്കി ഗോവിന്ദ് നിഹ്‌ലാനി സംവിധാനം ചെയ്ത ചിത്രമേത് ?

d) 'പരദേശി' എന്ന ചിത്രത്തിലെ നായക നടൻ ആരായിരുന്നു ?

3) a) സ്ക്കൂളിൽ പോകാത്ത കുട്ടികൾ നാണം മറച്ചിരുന്നത് ഏത് വസ്തു ഉപയോഗിച്ചാണ് ?

b) സ്ക്കൂളിലെ 'ഒന്നാംപാഠം' എന്താണ് ?

c) കാലിത്തീറ്റയായി ഉപയോഗിക്കുന്ന കണ്ടൽ ഏത് ?

d) വാല്യക്കാരന്, മുതലാളി നല്കുന്ന വിവാഹസമ്മാനം എന്ത് ?

4) a) സ്വാമി വിവേകാനന്ദന് ഏറ്റവും പ്രിയപ്പെട്ട ഉപനിഷത്ത് ഏത് ?

b) Mysticism – East and West ആരുടെ കൃതിയാണ് ?

c) 'അസതോ മാ സദ്ഗമയ
തമസോ മാ ജ്യോതിർഗമയ
മൃത്യോർ മാ അമൃതം ഗമയ' – ഏത് ഉപനിഷത്തിലെ വാക്യമാണിത് ?

d) ''നുറുങ്ങിപ്പൊടിയുന്നോരീയസ്ഥികൂടത്തിലേറി നീ
നൃത്തമാടിച്ചിരിച്ചാലും, കാളിയിക്കാള രാത്രിയിൽ' – ആരുടെ വരികളാണിത് ?

5) a) കാൾമാർക്സിന്റെ മുഖ്യപഠന വിഷയം എന്തായിരുന്നു ?

b) വിക്ടർ യൂഗോവിന്റെ പ്രശസ്ത നോവൽ, 'പാവങ്ങൾ' എന്ന പേരിൽ തർജ്ജമ ചെയ്തതാര് ?

c) 'കേരളപാണിനി' എന്ന പേരിൽ അറിയപ്പെടുന്നതാര് ?

d) 'സാർവ്വദേശീയ തൊഴിൽ വർഗ്ഗത്തിന്റെ പ്രത്യയശാസ്ത്രത്തിന്റെ സ്ഥാപകർ ആരെല്ലാം ? **(4×1=4 Weightage)**

II. **എഴുപത്തിയഞ്ച്** വാക്കിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നി**ന്റെയും മൂല്യം (വെയിറ്റേജ് – **1**).

6) 'മേഘരൂപൻ' എന്തിനെയാണ് പ്രതിനിധാനം ചെയ്യുന്നത് എന്ന ചോദ്യത്തിന് ശൈലീവിജ്ഞാനികൾ നല്കുന്ന മറുപടി എന്ത് ?

7) 'ഇൻഡോളജി' എന്നാലെന്ത് ?

8) കണ്ടൽവനം രൂപംകൊള്ളുന്നതെങ്ങനെ ?

9) 'പരദേശി' എന്ന ചിത്രം ചർച്ചചെയ്യുന്ന മർമ്മപ്രധാനമായ ഉപപാഠം ഏത് ?

10) 'നമ്മൾ സാധാരണ പറയുന്ന വാക്കുകൾ ഉപനിഷത്തിലെ ഉജ്ജ്വലങ്ങളായ ആശയങ്ങളാണ് എന്ന് നാമറിയുന്നില്ല' – എന്തുകൊണ്ട് ? **(4×1=4 Weightage)**

III. **നൂറമ്പതു** വാക്കിൽ കവിയാതെ ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നി**ന്റെയും മൂല്യം (വെയിറ്റേജ് – **2**).

11) വൈവിധ്യത്തിലൂടെ സാമ്യങ്ങളെ തിരിച്ചറിയാൻ കഴിയുന്നതെങ്ങനെ ?

12) 'പ്രവാസം' ആഴത്തിൽ മുറിവുകൾ ഉണ്ടാക്കുന്നത് ഏതെല്ലാം തരത്തിലാണ് ?

13) 'ഇത്തരം വിരോധാഭാസങ്ങളെക്കൊണ്ടു സുരഭിലമായ ഒരു ഭൂമിയാണ് ഉപനിഷത്ത് ' – വിരോധാഭാസങ്ങൾ എന്തെല്ലാം ?

14) ആനയെ മധ്യമപുരുഷനാക്കി കവിതയ്ക്ക് ഒരു ആത്മഗതത്തിന്റെ സ്വഭാവം നല്കിയിരിക്കുന്നതെന്തിന് ?

15) ഉള്ളവനും ഇല്ലാത്തവനും എന്ന വേർതിരിവ് ഉള്ളിടത്തോളം ആരും അത്രമേൽ സുരക്ഷിതരല്ല' – എന്തുകൊണ്ട് ?

16) ഒരു വിവർത്തകനുണ്ടായിരിക്കേണ്ട വൈദഗ്ധ്യങ്ങൾ എന്തെല്ലാം ?

**(5×2=10 Weightage)**

IV. **മുന്നൂറു** വാക്കിൽ കവിയാതെ ഏതെങ്കിലും **മൂന്നു** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോ**ന്നിന്റെയും മൂല്യം (വെയിറ്റേജ് – **4)**.

17) 'മേഘരൂപൻ' എന്ന കവിതയിലെ നിഷേധവാക്യങ്ങളും വിധിവാക്യങ്ങളും ആനയുടെ ആത്മസത്തയെ അനാവരണം ചെയ്യുന്നതെങ്ങനെ ?

18) 'നിസ്സഹായമായ മനുഷ്യാവസ്ഥയ്ക്കു മേൽ നിർദ്ദയമായി നിയമത്തിന്റെ മൃഗം അജയ്യനായി വളരുന്ന കാഴ്ചയാണ് 'പരദേശി'യിൽ വി.കെ. ശ്രീരാമൻ കണ്ടത് ' – ചർച്ചചെയ്യുക.

19) ഉപനിഷദ് സംസ്കാരത്തിന്റെ ആഴങ്ങളിലേക്കുള്ള അന്വേഷണമാണ് 'തത്ത്വമസിയെപ്പറ്റി' എന്ന പ്രഭാഷണം – ഉപപാദിക്കുക.

20) ഇന്ത്യയിൽ സമൂഹം, ഭാഷ, സാഹിത്യം ഇവയുടെ പരിണാമത്തെക്കുറിച്ച് ഇ. എം. എസ്സിനുള്ള സൂക്ഷ്മതയാർന്ന ഉൾക്കാഴ്ചയെപ്പറ്റി ഉപന്യസിക്കുക.

**(3×4=12 Weightage)**

---